921

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതികം - 2017 ലെ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിച്ച 15.08.2017 ന ശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിട്ടുതൽ വാങ്ങി പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടിയവരെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി അവർ അടച്ച ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ)നം:29/2018/ഉ.വി.വ തീയതി, തിരുവനന്തപുരം, 04.01.2018**

പരാമർശം: 1. 30.11.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2188/2017/ഉ.വി.വ.

2. പ്രവേശനപരീക്ഷാ കമ്മീഷണറുടെ 30.11.2017 ലെ റ്റി.എ 1 /5553/17/സി.ഇ.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം, 2017 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിച്ച 15.08.2017 ന ശേഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിട്ടുതൽ വാങ്ങി അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ KEAM 2017 പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം അടയ്ക്കുവാൻ ബാധ്യസ്ഥമായ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, ഇവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും, ഇതിനായി പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിച്ച പല വിദ്യാർത്ഥികളും തങ്ങളെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും തങ്ങൾ അടച്ച ട്യൂഷൻഫീസ് തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം പരിഗണിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (2) പ്രകാരം പ്രവേശനപരീക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം, 2017 അധ്യയന വർഷം, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന നടപടികൾ പൂർത്തിയാക്കിയ 15.08.2017-ന ശേഷം പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളുലേയ്ക്ക് പ്രവേശനം നേടിയവരെ ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും

....2

ഒഴിവാക്കിക്കൊണ്ടും, അവർ അടച്ച ഫീസ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും, ഇതിനായി പ്രവേശനപരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ജയിംസ് രാജ്**
**ജോയിന്റ് സെക്രട്ടറി**

പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സാങ്കേതിക സർവ്വകലാശാല, തിരുവനന്തപുരം.
ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ചാരച്ചിറ, കവടിയാർ പി. ഒ, തിരുവനന്തപുരം - 03.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഇണ്ടാസ് നമ്പർ ഡി. എ1/17649/2016/ഐ.എച്ച്.ആർ.ഡി** **തീയതി:22.01.2018**

ഐ.എച്ച്.ആർഡിയുടെ കീഴിലുള്ള എല്ലാ എഞ്ചിനീയറിങ്ങ് കോളേജ് പ്രിൻസിപ്പലുമാരുടെയും അറിവിനായും തുടർ നടപടികൾക്കായും ഉള്ള കോപ്പി.

**ഒപ്പ്**
**ഡയറക്ടർ**

**അംഗീകാരത്തോടെ**

**സീനീയർ സൂപ്രണ്ട്**